പതിനാലാം കേരളനിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3222 10/12/2018 ലെ മറുപടി

## വിദ്യാലയങ്ങളെ മാലിന്യ മുക്തമാക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളെ മാലിന്യ മുക്ത മാക്കുന്നതിനായി എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹരിത ചട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ/ഹരിത കേരളം മിഷൻ നിർദ്ദേശങ്ങൾ യഥാസമയം പാലിക്കുന്നതിന് പൊതു വിദ്യാലയങ്ങൾക്ക് നിർദ്ദേശം നൽകിട്ടുണ്ട്. കൂടാതെ കേരള സ്ക്രാപ് മെർച്ചന്റ് അസോസിയേഷനുമായി ചേർന്നുകൊണ്ട് സ്കൂളുകളിൽ പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് കൈമാറുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. പൊതുവിദ്യായലങ്ങളിൽ സംഘടിപ്പിക്കുന്ന പൊതുപരിപാടികൾ ഹരിത ചട്ടം പാലിച്ച് കൊണ്ടുമാത്രമേ നടത്താവൂ എന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പൊതു വിദ്യാഭ്യാസ രംഗത്ത് ഏറെ ദൂരം മുന്നോട്ടു പോയ ഈ സർക്കാരിന് അടുത്ത ഘട്ടത്തിൽ സ്കൂളുകൾ പൂർണമായും മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി കൾ നടപ്പിലാക്കുവാൻ സാധിക്കുമോ യെന്ന് വ്യക്തമാക്കാമോ? | (ബി) കേരളത്തെ സമ്പൂർണ്ണ മാലിന്യമുക്ത സംസ്ഥാനമാക്കി മാറ്റുക എന്ന സർക്കാർ ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കുട്ടികൾക്ക് വലിയ പങ്ക് വഹിക്കുവാൻ കഴിയും. അത് തിരിച്ചറിഞ്ഞു കൊണ്ടുള്ള പ്രവർത്തനങ്ങളാണ് സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ